4261/ എൽ./2008/കെ. എസ്.എച്ച്.ഒ 02/03/2017

## സർക്കുലർ

വിഷയം:- കുടുംബശ്രീ - വനിതാദിന പരിപാടികൾ സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്

കുടുംബശ്രീ സംവിധാനത്തിലെ മുഴുവൻ സ്ത്രീകളുടെയും ഒത്തുചേരലായി 2017 ലെ അന്തരാഷ്ട്ര വനിതാ ദിനം ആഘോഷിക്കുവാൻ കുടുംബശ്രീ തീരുമാനിച്ചിട്ടുണ്ട്. 2017 മാർച്ച് 1 മുതൽ 25 വരെ ആഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ജില്ലാതല വനിതാദിന പരിപാടികൾ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടേ ചേർക്കുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

- ജില്ലാമിഷൻ കോർഡിനേറ്ററുടെ അല്ലെങ്കിൽ ജെൻഡർ കൺസൾട്ടന്റിന്റെ നേതൃത്വത്തിൽ അടിയന്തിര. മീറ്റിംഗ് വിളിച്ച് ചേർത്ത് ജെൻഡർ റിസോഴ്സ് പേഴ്സൺമാർ, കമ്മ്യൂണിറ്റി കൗൺസിലേഴ്സ്, രംഗശ്രീ ടീം ചിത്ര-സാഹിത്യ രചനകൾക്കായി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ, സ്നേഹിത ഉദ്യോഗസ്ഥർ എന്നിവർക്ക് ഉത്തരവാദിത്വങ്ങൾ നൽകി പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. ഇതിനാവശ്യമായ തുക ജില്ലാ മിഷനിൽ ലഭ്യമായ പദ്ധതി വിഹിതത്തിലെ സാമൂഹ്യവികസന ഹെഡ്ഡിൽ നിന്ന് വകയിരുത്താവുന്നതാണ്.

- സാമൂഹ്യ നീതി വകുപ്പ്, ആരോഗ്യ വകുപ്പ് എന്നീ വകുപ്പുകളുടെ സംയോജനത്തോടെയായിരിക്കണം ജില്ലാതല വനിതാ ദിനാഘോഷ പരിപാടികൾ സംഘടിപ്പിക്കേണ്ടത്. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർ വിളിച്ചു ചേർക്കുന്ന കോഓർഡിനേഷൻ കമ്മിറ്റി മീറ്റിംഗിൽ വെച്ച് നൽകുന്നതായിരിക്കും. സംസ്ഥാനതലത്തിൽ വനിതാദിനാഘോഷം സാമൂഹ്യ നീതി വകുപ്പും ആരോഗ്യ വകുപ്പും കുടുംബശ്രീയും സംയുക്തമായി നടത്തുന്നതാണ്.

- മാർച്ച് 11, 12 തിയതികളിൽ എല്ലാ വാർഡിലും ഒരു ചർച്ച സംഘടിപ്പിക്കേണ്ടതാണ്. ഓരോ എ.ഡി.എസിന്റേയും പരിധിയിലുള്ള അയൽക്കൂട്ടങ്ങൾക്ക് ഒന്നിച്ച് കൂടാം. ചർച്ചയ്ക്കായുള്ള വിഷയവും, ഡോക്യുമെന്ററിയും നൽകുന്നതാണ്. ഇതോടനുബന്ധിച്ച് പോസ്റ്റർ നിർമ്മാണം, കലാപരിപാടികൾ തുടങ്ങിയവ എ.ഡി.എസ്സിന്റെ താത്പര്യമനുസരിച്ച് നടത്താവുന്നതാണ്.

- ADS തല വനിതാ ദിന പരിപാടിയുടെ കൃത്യമായ ഡോക്യുമെന്റേഷൻ നടത്തേണ്ടതാണ്. അതോടൊപ്പം ഒരു Signature Campaign ഉം സംഘടിപ്പിക്കണം. ഒരു ADS ൽ ഒത്തുകൂടുന്നവർ എല്ലാവരുടേയും Signature ഒരു എ4 വെള്ള കടലാസിൽ രേഖപ്പെടുത്തി അവയെല്ലാം ശേഖരിച്ച് ജില്ലാമിഷനിൽ സൂക്ഷിക്കേണ്ടതാണ്. ഇതോടൊപ്പം പരിപാടിയിൽ പങ്കെടുക്കുന്നവരുടെ രജിസ്ട്രേഷൻ നടത്തി ലിസ്റ്റ് സൂക്ഷിക്കേണ്ടതും സംസ്ഥാന മിഷൻ ആവശ്യപ്പെടുന്ന മുറക്ക് സമർപ്പിക്കേണ്ടതുമാണ്.

- ജില്ലകളിൽ സംഘടിപ്പിച്ച പഠനയാത്രകളുടെ ഭാഗമായി എഴുതിയ അനുഭവക്കുറിപ്പുകൾ ജില്ല/സംസ്ഥാനതലത്തിൽ യാത്രാവിവരണം/ട്രാവലോഗ് ആക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത യാത്രാവിവരണങ്ങൾ, അനുഭവങ്ങൾ ഉൾപ്പെടുത്തി സംസ്ഥാന തലത്തിൽ ഒരു പുസ്തകം വനിതാ ദിനത്തോനുബന്ധിച്ച് പ്രകാശനം ചെയ്യാനുദ്ദേശിക്കുന്നു. ഇതിനായി ഒരു യാത്രാസംഘത്തിൽ നിന്നും മൂന്നോ നാലോ അനുഭവങ്ങൾ വീതം തെരഞ്ഞെടുത്തത് (മികച്ചത്) പ്രാഥമിക എഡിറ്റിംഗിനുശേഷം സംസ്ഥാന മിഷനിലേയ്ക്ക് അയച്ചുതരേണ്ടതാണ്. ഒരു ജില്ലയിൽ നിന്നും കുറഞ്ഞത് 10 എണ്ണമെങ്കിലും തെരഞ്ഞെടുത്ത് MLTT-Karthika യിൽ DTP ചെയ്ത് Word Format ൽ സംസ്ഥാന മിഷനിൽ നൽകണം. എഴുതിയ ആളിന്റെ പേരും, ഫോട്ടോയും

ഉൾപ്പെടുത്തിയിരിക്കണം. അതോടൊപ്പം യാത്രകളുടെ നല്ല ഫോട്ടോകളും അയച്ചുതരേണ്ടതാണ്.

- ഇതോടൊപ്പം വൾണറബിലിറ്റി മാപ്പിംഗ് പ്രവർത്തനവും ഡാറ്റ കൺസോളിഡേഷനും പൂർത്തീകരിച്ച് മാർച്ച് 10 നകം കരട് റിപ്പോർട്ട് സംസ്ഥാന മിഷനിൽ സമർപ്പിക്കേണ്ടതാണ്. ഇതിനാവശ്യമായ പ്രവർത്തനങ്ങൾ ജില്ലയിൽ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്. ജെൻഡർ പദ്ധതിയുമായി ബന്ധപ്പെട്ട മുഴുവൻ പ്രവർത്തനങ്ങളും ജില്ലയിൽ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

- ജെൻഡർ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജില്ലാ റിസോഴ്സ്പേഴ്സൺമാർക്കും, കമ്മ്യൂണിറ്റി കൗൺസിലർമാർക്കും ഐഡന്റിറ്റി കാർഡ് നല്കേണ്ടതാണ്. ജെൻഡർ പദ്ധതി വിഹിതത്തിൽ നിന്ന് ഇതിനാവശ്യമായ തുക വിനിയോഗിക്കാവുന്നതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

**എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും**

**പകർപ്പ്**

1. **പ്രോഗ്രാം ഓഫീസർ(എസ്.ഡി)**
2. **സംസ്ഥാന മിഷൻ ജെന്റർ ടീം അംഗങ്ങൾ**
3. **എൽ സെക്ഷൻ**

**അംഗീകാരത്തോടെ,**

**പ്രോഗ്രാം ഓഫീസർ (എസ്.ഡി.)**